# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2310 — 18.06.2014 ൽ മറുപടിക്ക്

## മിഷൻ 676 ൽ ഉൾപ്പെടുത്തിയ ആരോഗ്യസുരക്ഷ പദ്ധതികൾ

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത്<br>" വി.റ്റി. ബൽറാം<br>" ആർ. സെൽവരാജ്<br>" പാലോട് രവി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (സി) & (ഡി) | ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07/06/2014 ന് കൂടിയ യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br>1. ഓരോ വകുപ്പുകളുടെയും മേലധികാരികൾ എല്ലാ ആഴ്ചയിലും മിഷൻ 676-ന്റെ ഭാഗമായി അതാത് വകുപ്പുകളുടെ പദ്ധതി അവലോകനം നടത്തേണ്ടതാണ്.<br>2. ബഹു. ആരോഗ്യവകുപ്പ് മന്ത്രി ഈ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിലേയ്ക്ക് 75/90 ദിവസക്രമത്തിൽ പുരോഗതി അവലോകനം ചെയ്യുന്നതാണ്.<br>3. ഓരോ ആഴ്ചയിലുമുള്ള ഈ പദ്ധതികളുടെ പുരോഗതി mission676.health@kerala.gov.in എന്ന മെയിൽ അഡ്രസിലേക്കു മെയിൽ ചെയ്യേണ്ടതാണ്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ

Les-2310
18/6/14

## അനുബന്ധം

### 1 മുതൽ 100 ദിനങ്ങളിൽ (24 ഏപ്രിൽ 2014 മുതൽ ആഗസ്റ്റ് 1, 2014 വരെ) നടത്തുന്ന പ്രവർത്തനങ്ങൾ

1. ഉഷസ്സ് (അർബൻ സ്ലം ഹെൽത്ത് അപലിഫ്റ്റ്മെന്റ് പദ്ധതി)
2. കൊല്ലം വിക്ടോറിയ ആശുപത്രിയിൽ പുതിയ മന്ദിരം
3. ക്വാളിറ്റി അഷ്വറൻസ് പദ്ധതി
4. പാലിയേറ്റീവ് കെയർ പദ്ധതി
5. ആശുപത്രികളുടെ അടിസ്ഥന സൗകര്യവികസനം
6. ആധുനിക കെട്ടിട സംവിധാനത്തോടു കൂടിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം 10 ഉപകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയാക്കൽ
7. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം 25 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം.
8. ആയുഷ് പദ്ധതി
9. കൗമാര ആരോഗ്യ പദ്ധതി
10. ചിപ്സ്
11. ഡി.ഇ.ഐ.സി

### 101 മുതൽ 200 ദിനങ്ങളിൽ (2 ആഗസ്റ്റ് 2014 മുതൽ 10 നവംബർ, 2014 വരെ) നടത്തുന്ന പ്രവർത്തനങ്ങൾ

12. പമ്പ ആശുപത്രി
13. ക്വാളിറ്റി അഷ്വറൻസ് പദ്ധതി
14. ഡിമൻഷ്യ സൗഹൃദകൂട്ടായ്മ
15. പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ആയുർവേദ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലയിലും 25 പേരടങ്ങുന്ന ഗ്രൂപ്പിന് പരിശീലനം നൽകാൻ നടപടി
16. പന്തളം പി.എച്ച്.സി യിലെ ഒ.പി ബ്ലോക്ക് നിർമ്മാണവും വൈക്കം സി.എച്ച്.സി യിലെ ഓപ്പറേഷൻ തീയേറ്റർ ബ്ലോക്ക് നിർമ്മാണവും
17. സാമൂഹിക വികസനം
18. തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ യോഗ പരിശീലനം

### 201 മുതൽ 300 ദിനങ്ങളിൽ (11 നവംബർ 2014 മുതൽ 18 ഫെബ്രുവരി, 2015 വരെ) നടത്തുന്ന പ്രവർത്തനങ്ങൾ

19. ഈ-ഹെൽത്ത് പ്രോഗ്രാം
20. സൗജന്യ ആംബുലൻസ് സൗകര്യം
21. 3 ആശുപത്രികൾക്ക് കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ ലഭ്യമാക്കൽ
22. കേരളാ ക്യാംപയിൻ എഗയിൻസ്റ്റ് കാൻസർ
23. ആശുപത്രികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കൽ

us-2310

24. ആധുനിക കെട്ടിടസംവിധാനത്തോടു കൂടി 25 സബ്സെന്ററുകൾക്ക് നവീകരിച്ച മന്ദിരങ്ങളും, 25 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം നടപ്പിലാക്കൽ.
25. ആരോഗ്യ സ്വഭാവ രൂപീകരണത്തിനായുള്ള പദ്ധതി നടപ്പിലാക്കൽ
26. കൗമാര ആരോഗ്യ പദ്ധതി

## 301 മുതൽ 400 ദിനങ്ങളിൽ (19 ഫെബ്രുവരി 2015 മുതൽ 29 മെയ്, 2015 വരെ) നടത്തുന്ന പ്രവർത്തനങ്ങൾ

27. 2 ആശുപത്രികൾക്ക് കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ ലഭിക്കൽ
28. 5 ആശുപത്രികൾ അടിസ്ഥാന സൗകര്യ വികസനം.
29. 10 സബ്സെന്ററുകൾക്ക് നവീകരിച്ച മന്ദിരങ്ങളും 20 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടി സംവിധാനം നടപ്പിലാക്കൽ.

## 401 മുതൽ 500 ദിനങ്ങളിൽ (മെയ് 2015 മുതൽ 6 സെപ്തംബർ, 2015 വരെ) നടത്തുന്ന പ്രവർത്തനങ്ങൾ

30. 3 ആശുപത്രികൾക്ക് കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ ലഭ്യമാക്കൽ
31. ആധുനിക കെട്ടിട സംവിധാനത്തോടു കൂടി 10 സബ്സെന്ററുകളുടെ നവീകരണം പൂർത്തിയാക്കുകയും, 35 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം നടപ്പിലാക്കൽ
32. 8 ആശുപത്രികളിൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കൽ
33. 10 സബ്സെന്ററുകൾക്ക് നവീകരിച്ച മന്ദിരങ്ങളും 20 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടി സംവിധാനം നടപ്പിലാക്കുന്നത്.

## 501 മുതൽ 600 ദിനങ്ങളിൽ (7 സെപ്തംബർ 2015 മുതൽ 15 ഡിസംബർ, 2015 വരെ) നടത്തുന്ന പ്രവർത്തനങ്ങൾ

34. 3 ആശുപത്രികൾക്ക് കെ.എ.എസ്.എച്ച് അക്രഡിറ്റേഷൻ ലഭ്യമാക്കൽ
35. 30 സബ്സെന്ററുകൾക്ക് നവീകരിക്കുകയും 36 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം നടപ്പിലാക്കുന്നത്.
36. 4 ആശുപത്രികളിൽ അടിസ്ഥാനസൗകര്യം വികസിപ്പിക്കൽ.

## 601 മുതൽ 676 ദിനങ്ങളിൽ (16 ഡിസംബർ 2015 മുതൽ 28 ഫെബ്രുവരി, 2016 വരെ) നടത്തുന്ന പ്രവർത്തനങ്ങൾ

37. എസ്സ്.എ.ടി ആശുപത്രിയിൽ പുതിയ മദർ&ചൈൽഡ് ബ്ലോക്ക്.

സെക്ഷൻ ഓഫീസർ